**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 723** **24.01.2018- ൽ മറുപടിയ്ക്ക്**

# സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും ഭവന നിർമ്മാണ വായ്പ

**ചോദ്യം**

**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും ഭവന നിർമ്മാണ വായ്പ എടുത്തിട്ടുള്ളവർക്ക് നിലവിൽ നൽകിവരുന്ന വരുമാന നികുതിയിളവ് പിൻവലിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

ബി) സ്വകാര്യ ബാങ്കുകളായ എച്ച്.ഡി.എഫ്.സി, ഐ.സി.ഐ.സി.ഐ എന്നിവയിൽ നിന്നെടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പകൾക്ക് പ്രസ്തുത ഇളവ് നൽകുകയും ജനപങ്കാളിത്തമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഇളവ് നിർത്തലാക്കുകയും ചെയ്യുന്നത് ഈ മേഖലയോടുള്ള വിവേചനമായതിനാൽ അത് തിരുത്താൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമോ?

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) യും (ബി) യും സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നും സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ഭവന വായ്പ എടുത്തവർക്ക് ആദായനികുതിനിയമത്തിലെ വകുപ്പ് 80 സി പ്രകാരവും 80 ഇ.ഇ പ്രകാരവുമുള്ള ഇളവ് പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**